LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ
## പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2010 ജൂലൈ 29, വ്യാഴം



നിയമസഭ 2010 ജൂലൈ മാസം 29-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓഡർ....ഓർഡർ..... ചോദ്യം നമ്പർ (*661)

**കേന്ദ്ര ഏജൻസികളുമായുള്ള വാണിജ്യ വ്യവസായ ബന്ധങ്ങൾ**

1 (*661) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ ഏജൻസികളുമായും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായും വാണിജ്യവ്യവസായ ബന്ധങ്ങൾ നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതുമൂലം സംസ്ഥാനത്തിനും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്നും മറ്റ് കേന്ദ്ര സ്ഥാപനങ്ങളിൽ നിന്നും കൂടുതൽ ഓർഡറുകൾ നേടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. എം. വിജയകുമാർ : സർ,

(എ)&(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെയും നവീകരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായും അവയുടെ സുസ്ഥിരമായ ഭാവി ഉറപ്പുവരുത്തുന്നതിലേയ്ക്കായും അവയുടെ തന്നെ പ്രവർത്തന മേഖലയിൽ കഴിവു തെളിയിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെടുന്നതിനോ കേന്ദ്ര സ്ഥാപനങ്ങളുമായി സഹകരിച്ച് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംയുക്ത സംരംഭങ്ങൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി സർക്കാർ വായ്പകൾ പലിശ രഹിത വായ്പകളായി മാറ്റുന്നതിനും വൈദ്യുതി ചാർജ്ജുകൾ മറ്റ് സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ മുതലായവ തീർപ്പാക്കി നൽകുന്നതിനുള്ള നടപടികളും സർക്കാർ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി, ടെൽക്ക്-എൻ. ടി. പി. സി. സംയുക്ത സംരംഭത്തിൽ 31.34 കോടി രൂപയുടെയും കെൽടെക്ക് ബ്രഹ്മോസ് ഏറോസ്പേസിനു കൈമാറിയതു വഴി ഡി. ആർ. ഡി. ഒ 50 കോടി രൂപയുടെയും ഐ. എസ്. ആർ. ഒ പതിനഞ്ച് കോടി രൂപയുടെയും നിക്ഷേപം നടത്തിയിട്ടുണ്ട്. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡുമായുള്ള സംയുക്ത സംരംഭത്തിൽ സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡിനു വർക്കിംഗ് ക്യാപ്പിറ്റൽ അഡ്വാൻസായി അഞ്ച് കോടി രൂപയും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് നൽകിയിട്ടുണ്ട്. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ ആട്ടോക്കാസ്റ്റിന്റെയും സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന്റെയും സൗകര്യങ്ങൾ ഉപയോഗിച്ച് ഇൻഡ്യൻ റെയിൽവേയുമായി സഹകരിച്ച് സംയുക്ത മേഖലയിൽ ഒരു ഫാബ്രിക്കേറ്റഡ് ബോഗി കംപോണന്റ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ ഹിന്ദുസ്ഥാൻ എയ്റോട്ടിക്സ് ലിമിറ്റഡ്, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് എന്നിവയുടെ യൂണിറ്റുകൾ കിൻഫ്രയുടെ വിവിധ പാർക്കുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 260 കോടി പദ്ധതികളുടെ ഒന്നാം ഘട്ടം പൂർത്തിയാകുമ്പോൾ യഥാക്രമം 60 കോടി, 11 കോടി രൂപ എന്ന നിലയിലുള്ള നിക്ഷേപവും കെ. എസ്. ഐ. ഡി. സി. യും ഗെയിലുമായുള്ള ഗ്യാസ് പൈപ്പ് ലൈൻ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതി നടപ്പിലാക്കുന്നതിലൂടെ 6000 കോടി രൂപയുടെ നിക്ഷേപവും കെ. എസ്. ഐ. ഡി. സി. യും ഫാക്ടും ചേർന്ന് കൊച്ചിയിൽ സ്ഥാപിക്കുന്ന ട്രേഡ് ആന്റ് കൺവെൻഷൻ സെന്റർ പദ്ധതിയിലൂടെ 400 കോടി രൂപയുടെ മൂലധന നിക്ഷേപവും കെ. എസ്. ഐ. ഡി. സി.-യും നാളികേര വികസന ബോർഡും ചേർന്ന് കുറ്റ്യാടിയിൽ സ്ഥാപിക്കുന്ന കോക്കനട്ട് പാർക്ക് പദ്ധതിയിലൂടെ 41 കോടി രൂപയുടെ നിക്ഷേപവും പ്രതീക്ഷിക്കുന്നു. ഇതിനു പുറമേ, സംസ്ഥാന പൊതുമേഖലാ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനമായ കെല്ലിന്റെ കാസർഗോഡ് യൂണിറ്റും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡും ചേർന്നുള്ള സംയുക്ത സംരഭത്തിന് എം.ഒ.യു വിൽ ഏർപ്പെടുകയും കെൽട്രോണും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡും ചേർന്നുള്ള സംയുക്ത സംരംഭത്തിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഈ പദ്ധതികളെല്ലാം പൂർത്തിയായാൽ മാത്രമേ ഇവ മൂലമുണ്ടാകുന്ന നിക്ഷേപത്തെക്കുറിച്ച് വ്യക്തത കൈവരികയുള്ളു.

(സി) ഉണ്ട്. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കെൽ,സിൽക്ക് തുടങ്ങിയ കമ്പനികൾക്ക് കെ.എസ്.ഇ.ബി യുടെ ഓർഡറുകൾ ഉറപ്പാക്കുന്നതിനും, ജലസേചന വകുപ്പിൽനിന്നും സിൽക്കിന്റെ ഒറ്റപ്പാലം യൂണിറ്റിന് ഓർഡറുകൾ ലഭിക്കുന്നതിനും കെ. എസ്. ഡി. പി. ക്ക് ആരോഗ്യ വകുപ്പിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കുന്നതിനും എസ്. ഐ. എഫ്. എൽ, കെൽട്രോൺ എന്നീ കമ്പനികൾക്ക് വി. എസ്. എസ്. സി. -യിൽ നിന്നും ഓർഡറുകൾ ലഭിക്കുന്നതിനും കെൽട്രോൺ, എസ്.ഐ. എഫ്. എൽ. ആട്ടോക്കാസ്റ്റ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഓർഡറുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സിഡ്കോ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്നിവ വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങളും കെൽട്രോണിന്റെ കംപ്യൂട്ടർ ഉപകരണങ്ങളും ടെണ്ടർ കൂടാതെ മറ്റുള്ള സ്ഥാപനങ്ങൾ വാങ്ങുന്നതിനുമുള്ള അനുമതി നൽകിയിട്ടുണ്ട്.

ശ്രീ. എം. ചന്ദ്രൻ : സർ, 1974-ൽ മഹാനായ എ. കെ. ജി. യുടെ ശ്രമഫലമായി കഞ്ചിക്കോട്ട് സ്ഥാപിച്ച കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനമാണ് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്. സ്ഥാപിതമായതു മുതൽ ഇന്നുവരെ ആ യൂണിറ്റ് ലാഭത്തിലാണ്. കഴിഞ്ഞ വർഷവും 22 കോടി രൂപ ലാഭമുണ്ടാക്കി. എന്നാൽ ഇതിന്റെ മാതൃ യൂണിറ്റ് രാജസ്ഥാനിലെ കോട്ടയിലാണ്. അത് സ്ഥിരമായി നഷ്ടത്തിലായതുകൊണ്ട് ഈ യൂണിറ്റ് ഇപ്പോൾ പീഡിത വ്യവസായങ്ങളുടെ പട്ടികയിലാണ് നിൽക്കുന്നത്. ഈ യൂണിറ്റിൽ ലാഭമുണ്ടായാൽ ആ ലാഭമെല്ലാം രാജസ്ഥാനിലെ കോട്ടായിലെ നഷ്ടത്തിലേയ്ക്ക് വകവയ്ക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഈ കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ രക്ഷിക്കുന്നതിനുവേണ്ടി ഒന്നുകിൽ ഈ യൂണിറ്റിന് സ്വതന്ത്ര പദവി നൽകുകയോ അല്ലെങ്കിൽ ഈ യൂണിറ്റ് കേരള സർക്കാരും കേന്ദ്ര സർക്കാരും തമ്മിൽ സംയുക്ത സംരംഭത്തിൽ നടത്തുകയോ ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, ഇത് വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമാണ്. നമ്മുടെ പുതിയ വ്യവസായ നയത്തിന്റെ ഭാഗമായി സംസ്ഥാനവും കേന്ദ്രവും, ദേശീയ ശ്രദ്ധ ആകർഷിച്ചിട്ടുള്ള സംയുക്ത സംരംഭങ്ങളെല്ലാം സാധുതപ്രായമായതിന്റെ പശ്ചാത്തലത്തിൽ തീർച്ചയായും അങ്ങ് പറഞ്ഞ കാര്യം കേന്ദ്ര മന്ത്രാലയവുമായി ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ചന്ദ്രൻ : സർ, കഴിഞ്ഞ യു. ഡി. എഫ്. ഭരണകാലത്ത് അഞ്ച് കൊല്ലംകൊണ്ട് രണ്ട് കോടി രൂപ മാത്രം ലാഭമുണ്ടാക്കിയ ഒരു വ്യവസായ സ്ഥാപനമാണ് മലബാർ സിമെന്റ്സ് ലിമിറ്റഡ്. അത് ഇപ്പോൾ നാല് കൊല്ലം കൊണ്ടുതന്നെ 135 കോടി രൂപയുടെ ലാഭമുണ്ടാക്കി. ഇന്ന് സംസ്ഥാനത്തിലെ ഏത് പൊതുമേഖലാ സ്ഥാപനത്തെക്കാളും ഉയർന്ന തോതിലുള്ള, മെച്ചപ്പെട്ട ആനുകൂല്യങ്ങൾ മലബാർ സിമെന്റ്സിലെ തൊഴിലാളികൾക്ക് ലഭിക്കുന്നു. കഴിഞ്ഞ വർഷം 38, 000 രൂപ ബോണസ്സും ഇൻസെന്റീവും ചേർത്ത് നൽകുക യുണ്ടായി. 1985 മുതൽ അഖിലേന്ത്യാ സിമെന്റ് വേജ് ബോർഡാണ് ഇവരുടെ ആനുകൂല്യങ്ങൾ നടപ്പിലാക്കിയത്. ആ വേജ് ബോർഡിന്റെ ഭാഗമായി ഇന്ന് സംസ്ഥാനത്ത് മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള ഘടന മലബാർ സിമെന്റ്സിൽ കിട്ടുന്നില്ല. അതുകൊണ്ട് ഈ സ്ഥാപനത്തെ വേജ് ബോർഡിൽ നിന്ന് മാറ്റി മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ശമ്പള ഘടനയിൽ ഉൾപ്പെ ടുത്തി നടപടി സ്വീകരിക്കുവാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. എം. വിജയകുമാർ : മലബാർ സിമെന്റ്സിന്റെ വിജയം ഒരു നല്ല മാതൃകയാണ്. കഴിഞ്ഞ കാലത്തു നിന്ന് വ്യത്യസ്തമായി ഇന്ന് ഏറ്റവും വലിയ നേട്ടം ഉണ്ടാക്കിയ ചവറയിലെ മിനറൽസ് ആന്റ് മെറ്റൽസ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ലാഭം ഉണ്ടാക്കിയ സ്ഥാപനമെന്നുള്ള നിലയിൽ ബഹുമാനപ്പെട്ട അംഗം എം. ചന്ദ്രൻ പറഞ്ഞ അവിടത്തെ ജീവനക്കാരുടെ വേജും മറ്റ് സേവന ആനു കൂല്യങ്ങളും സംബന്ധിച്ചുള്ള കാര്യങ്ങൾ പ്രത്യേക വേദികളിൽ ചർച്ച ചെയ്ത് പ്രത്യേക പരിഗണന കൊടുക്കുന്നതാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, രാജ്യത്തെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമായി നമ്മുടെ സംസ്ഥാനത്തുള്ള പൊതു മേഖലാ സ്ഥാപനങ്ങളെല്ലാം ലാഭത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്ന ഒരു സാഹചര്യ മാണ് നിലവിലുള്ളത്. നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര പുതിയ പൊതു മേഖലാ യൂണിറ്റുകളാണ് കേരളത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത് ? ഇതിന്റെ മൊത്തം മൂലധന നിക്ഷേപം എത്രയാണ് ?

ശ്രീ. എം. വിജയകുമാർ : വളരെ പ്രസക്തമായ ചോദ്യമാണിത്. നഷ്ട ത്തിലുള്ളത് ലാഭത്തിലാക്കുന്നത് മാത്രമല്ല, നടപ്പു സാമ്പത്തിക വർഷം പത്ത് പുതിയ പൊതുമേഖലാ യൂണിറ്റുകളാണ് കേരളത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേ ശിക്കുന്നത്. അതിന്റെ പ്രവർത്തനങ്ങൾ 2010-ൽ തന്നെ ആരംഭിക്കും. 170 കോടി രൂപയാണ് ഇതിന്റെ മൂലധന നിക്ഷേപമായി പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, 2006-ൽ എൽ. ഡി. എഫ് ഗവൺമെന്റ് വന്നതിനുശേഷം എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇവിടെ സംയുക്ത മായി ആരംഭിച്ചിട്ടുള്ളത് ? അവസാനമായി കേരളത്തിൽ പൊതുമേഖലാ സ്ഥാപ നങ്ങൾ വന്നത് എന്നാണ് ?

മി. സ്പീക്കർ : അത് ഈ ചോദ്യവുമായി ബന്ധമില്ല.

ശ്രീ. എം. വിജയകുമാർ : ഈ ചോദ്യവുമായി ബന്ധമുള്ളതു തന്നെയാണ്.

സംസ്ഥാന പൊതുമേഖലയെക്കുറിച്ചും കേന്ദ്ര പൊതുമേഖലയെക്കുറിച്ചും ആണല്ലോ ചോദ്യം. കേന്ദ്ര പൊതുമേഖലാ നിക്ഷേപം കേരളത്തിൽ വളരെ കുറവായിരുന്നു എന്നുള്ള യാഥാർത്ഥ്യം രണ്ട് പക്ഷവും അംഗീകരിക്കുന്നു. കാരണം ജനസംഖ്യാനുപാതികമായി നോക്കിയാലും മറ്റ് വിധത്തിൽ നോക്കിയാലും രണ്ടു ശതമാനം മാത്രമാണ് കേന്ദ്ര പൊതുമേഖലാ നിക്ഷേപം. ഏറ്റവും ഒടുവിൽ മുപ്പത് വർഷങ്ങൾക്ക് മുമ്പാണ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി എന്ന സ്ഥാപനം വന്നത്. അതിനുശേഷം കേരളത്തിൽ ഒന്നും വന്നിട്ടില്ല. ഇപ്പോഴാണ് ഈ രൂപത്തിൽ സംയുക്തമായി സ്ഥാപനങ്ങൾ കൊണ്ടുവന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, കാസർഗോഡ് ജില്ലയിലെ വ്യവസായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിൽ ഈ ഗവൺമെന്റ് വലിയ സംഭാവനയാണ് നൽകിയിട്ടുള്ളത്. പുതുതായി ആരംഭിക്കുന്ന എട്ട് സംസ്ഥാന പൊതുമേഖലാ സ്ഥാപങ്ങളിൽ ഒന്ന്, കാസർഗോഡ് വരികയാണ്. കെൽ-ഉം ബി. എച്ച്. ഇ. എൽ-ഉം കാസർഗോഡ് സീതാംഗുഡിയിൽ ഒന്നര വർഷത്തിനു മുൻപ് ഒരു വലിയ വ്യവസായ സംരംഭത്തിന് തറക്കല്ലിട്ടിരുന്നു. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നല്ല നിലയിൽ പുരോഗമിച്ച് അവസാന ഘട്ടത്തിലാണെന്ന് അറിയുന്നു. ഇത് എപ്പോഴാണ് ആരംഭിക്കുവാൻ സാധിക്കുക എന്നുള്ളതിനെക്കുറിച്ച് വിശദീകരിക്കാമോ ?

ശ്രീ. എം. വിജയകുമാർ : കെൽ-ഉം ബി. എച്ച്. ഇ.എൽ-ഉം ചേർന്നുള്ള സംയുക്ത സംരംഭത്തിന് ബി. എച്ച്. ഇ. എൽ-ന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സും സംസ്ഥാന ഗവൺമെന്റും അനുമതി നൽകിക്കഴിഞ്ഞു. 2010 ആഗസ്റ്റിൽ ഈ സംയുക്ത സംരംഭം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ : സർ, ടി.സി.സി. കേരളത്തിലെ സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള വളരെ പ്രധാനപ്പെട്ട ഒരു പൊതുമേഖലാ സ്ഥാപനമാണ്. ടി. സി. സി.യും കെ. എം. എം. എൽ-ഉം തമ്മിലുള്ള സംയുക്ത സംരംഭത്തെക്കുറിച്ച് സർക്കാർ ആലോചിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ എന്താണ് ?-ഈ ചർച്ച മുന്നോട്ടു പോകുന്നുണ്ടോ ?

ശ്രീ. എം. വിജയകുമാർ : ആ സംയുക്ത സംരംഭത്തിന്റെ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. പൂർണ്ണ രൂപത്തിൽ ആയിട്ടില്ല.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, കഴിഞ്ഞ യു. ഡി. എഫ്. വിൽക്കാൻ നീക്കം നടത്തിയ അങ്കമാലി ടെൽക്ക് ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് കേരള വൈദ്യുതി ഉൽപ്പാദന വിതരണ രംഗത്ത് ശക്തമായ യന്ത്രോപകരണം ഉണ്ടാക്കുന്ന സ്ഥാപനമാണ്. ഇത് എൻ. ടി. പി. സി യുമായി ധാരണയുണ്ടാക്കി ടെൽക്കിന്റെ മുന്നേറ്റത്തിന് പുതിയ സംരംഭം എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ അതുമായി ബന്ധപ്പെട്ട് വല്ല നീക്കവും നടത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, അങ്കമാലിയിലെ ടെൽക്ക്, ട്രാൻസ് ഹോർമേഴ്സ് നിർമ്മാണമേഖലയിൽ പ്രവർത്തിക്കുന്ന ഏക പൊതുമേഖലാ സ്ഥാപനമാണ്. ആ ടെൽക്കിന്റെ പ്രവർത്തനം ഇല്ലാതായതിന്റെ അടിസ്ഥാനത്തിൽ ടെൽക്കും എൻ. ടി. പി. സി. യുമായുള്ള സംയുക്ത സംരംഭത്തിന്റെ പ്രവർത്തനോദ്ഘാടനം 2009 ജൂൺ 23-ന് നിർവ്വഹിച്ചു. ഇപ്പോൾ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. സമീപഭാവിയിൽ ടെൽക്കിൽ 158 കോടി രൂപയുടെ വികസന ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിടുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, വ്യാവസായിക മേഖലയിൽ മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി കേന്ദ്ര നിക്ഷേപം വളരെ കൂടിക്കൊണ്ടിരിക്കുന്ന സാഹചര്യമാണ്. അങ്ങയ്ക്കറിയാം 2008-09 കാലഘട്ടത്തിൽ കേരളത്തിൽ മൂവായിരം കോടി രൂപയുടെ നിക്ഷേപമാണ് കേന്ദ്ര നിക്ഷേപമായി ഉണ്ടായിരുന്നത്. നമുക്കറിയാം, കേന്ദ്ര ഗവൺമെന്റിന്റെ പല പദ്ധതികളുമുണ്ട്. ആ പദ്ധതികളുടെ ഭാഗമായി ലഭിക്കുന്ന ഒട്ടനവധി ഗ്രാന്റുകളുണ്ട്. 2009-ലെ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നത് കേന്ദ്ര ഗവൺമെന്റിന്റേതായ ഗ്രാന്റുകളിൽനിന്നും ലഭിക്കേണ്ട സഹായം വാങ്ങി എടുക്കുന്നതിൽ കേരളം പരാജയപ്പെടുന്നത് ദൗർഭാഗ്യകരമാണെന്നാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം പദ്ധതികൾ ഏതൊക്കെയെന്ന് കണ്ടെത്തി അത് കേരളത്തിന് ലഭിക്കത്തക്ക രീതിയിലുള്ള സംവിധാനം വ്യവസായ വകുപ്പിന്റെ കീഴിൽ ഉണ്ടാക്കുമോ ?

ശ്രീ. എം. വിജയകുമാർ : അങ്ങ് പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കാം. ഈ രംഗത്ത് പരാജയമല്ല വൻ മുന്നേറ്റമാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ദേശീയ തലത്തിൽത്തന്നെ അംഗീകാരം നേടിയ ഒരു വ്യവസായ നയത്തിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായ പിന്നോക്കാവസ്ഥയ്ക്ക് വലിയ തോതിൽ പ്രകടമായ നേട്ടങ്ങളുണ്ടാക്കിക്കൊണ്ടാണ് മുന്നോട്ടു പോകുന്നത്.

ശ്രീ. എം. ജെ. ജേക്കബ് : എഫ്. എ. സി. ടി. -ക്ക് മൂവായിരത്തോളം ഏക്കർ സ്ഥലമുണ്ട്. ഞാൻ അവിടെ ജോലി ചെയ്തിട്ടുള്ള ആളാണ്. അന്ന് പതിനായിരത്തോളം എംപ്ലോയീസ് ഉണ്ടായിരുന്നു. ഇപ്പോൾ അവിടെ രണ്ടായിരം എംപ്ലോയീസേ ഉള്ളൂ. ക്വാർട്ടേഴ്സാണെങ്കിൽ ഒഴിഞ്ഞു കിടക്കുകയാണ്. ധാരാളം സ്ഥലവും ഉണ്ട്. അവിടെ ഇവിടെ പറഞ്ഞതുപോലെ സംസ്ഥാന ഗവൺമെന്റുംകൂടി മുൻകയ്യെടുത്തുകൊണ്ട് ബെയ്സിക് ഇൻഫ്രാസ്ട്രക്ച്ചർ ഉപയോഗപ്പെടുത്തി പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : എഫ്. എ. സി. ടി. യുമായി ചേർന്നുകൊണ്ടുള്ള ഒരു സംയുക്ത സംരംഭത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ എന്റെ കയ്യിലുണ്ട്. അത് വിശദമായി പറയാൻ കുറച്ച് സമയമെടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : കേന്ദ്ര ഏജൻസികളിൽനിന്നും കൂടുതൽ പദ്ധതികൾ ലഭിക്കണമെങ്കിൽ നല്ല ലെയ്സൺ ഉദ്യോഗസ്ഥൻമാർ ആവശ്യമാണ്. കെൽട്രോൺ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ടെന്റർ കൂടാതെ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ വാങ്ങാമെന്ന് അങ്ങ് മറുപടിയിൽ പറഞ്ഞു. കെൽട്രോൺ പോലുള്ള സ്ഥാപനങ്ങളുടെ മിക്കവാറും ഉൽപ്പന്നങ്ങൾ ഗുണനിലവാരം ഇല്ലാത്തതാണ്. എം. എൽ. എ. ഫണ്ടിൽ നിന്ന് കമ്പ്യൂട്ടർ വാങ്ങാൻ കൊടുത്തു കഴിഞ്ഞാൽ കെൽട്രോൺ അത് വേറെ സ്ഥാപനത്തിൽനിന്ന് വാങ്ങിക്കൊടുക്കുകയാണ് പതിവ്. അത് ആറ് മാസം പോലും പ്രവർത്തിക്കുന്നില്ല. അപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിൽ കൊണ്ടുവരുന്നതിനോടൊപ്പം തന്നെ ഗുണനിലവാരം പുലർത്താൻ വേണ്ടിയുള്ള ശക്തമായ നടപടികൾ സ്വീകരിക്കാതെ വന്നുകഴിഞ്ഞാൽ അതിന്റെ നഷ്ടം ഗവൺമെന്റിനും ജനങ്ങൾക്കുമായിരിക്കും. ഇതിനെതിരെ എന്ത് നടപടി സ്വീകരിക്കും ?

ശ്രീ. എം. വിജയകുമാർ : അത് പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. ബി. ഡി. ദേവസ്സി : സർ, കൊരട്ടിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ പ്രസ് നാൽപത് വർഷങ്ങക്ക് മുൻപ് നൂറേക്കർ സ്ഥലത്ത് ആരംഭിച്ചതാണ്. ഇന്ന് ആ പ്രസ് വികസന മുരടിപ്പിലാണ്. ഷിഫ്റ്റുകൾ വെട്ടിക്കുറയ്ക്കുക മാത്രമല്ല, പുതിയ നിയമനങ്ങളും നടക്കുന്നില്ല. നിലവിലുള്ള തൊഴിലാളികൾ റിട്ടയർ ചെയ്തു കഴിഞ്ഞാൽ പ്രസ് അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുകയാണ്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പം അൻപത് ഏക്കറോളം സ്ഥലം ഇപ്പോൾ കാട് പിടിച്ച് ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇത് കിൻഫ്രയുടെ വികസനത്തിനോ അല്ലെങ്കിൽ മറ്റ് വികസന പ്രവർത്തനങ്ങൾക്കോ സംസ്ഥാന ഗവൺമെന്റിന് വിട്ടുകിട്ടുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ ?

ശ്രീ. എം. വിജയകുമാർ : ഇതിനുള്ള നടപടികൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കും.

ശ്രീ. പി. എം. എ. സലാം : കോഴിക്കോടുള്ള സ്റ്റീൽ കോംപ്ലക്സ് സെയിലുമായി ചേർന്ന് സംയുക്ത സംരംഭം ആരംഭിച്ചു. അതിന്റെ അഡ്വാൻസായി അഞ്ച് കോടി രൂപ ലഭിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഈ പണം ഉപയോഗിച്ച് എന്ത് നവീകരണ പ്രവർത്തനമാണ് അവിടെ നടത്തിയത് ? അതിന്റെ ഫലം ഉൽപാദന മേഖലയിലോ അതിന്റെ വരുമാന രംഗത്തോ അനുഭവപ്പെടാൻ തുടങ്ങിയിട്ടുണ്ടോ ? സെയിലുമായിട്ടുള്ള സംയുക്ത സംരംഭം കൊണ്ട് എന്തുമാറ്റങ്ങളാണ് വരാൻ പോകുന്നത് ?

ശ്രീ. എം. വിജയകുമാർ : കോഴിക്കോട് സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും ചേർന്നുള്ള ഒരു സംയുക്ത സംരംഭത്തിന് 2008- ലാണ് ധാരണാ പത്രം ഒപ്പ് വച്ചത്. ഇപ്പോൾ അങ്ങ് ചോദിച്ചതുപോലെ അതിന്റെ വർക്കിംഗ് ക്യാപ്പിറ്റൽ അഡ്വാൻസായി അഞ്ച്കോടി രൂപ ലഭിച്ചു. അത് ലാഭകരമായി പ്രവർത്തിപ്പിക്കാനുള്ള സാങ്കേതിക സഹായം നൽകുന്നതിനായി

സെയിലിൽ നിന്നും സാങ്കേതിക വിദഗ്ദ്ധൻമാരുടെ പ്രവർത്തനം സൗജന്യമായി നൽകി വരുന്നു. ഇന്ത്യയിലെ നവരത്ന കമ്പനിയായ സെയിലുമായിട്ടുള്ള സംയുക്ത സംരംഭം വഴി നല്ലൊരു ഭാവിയാണ് വാഗ്ദാനം ചെയ്യുന്നത്.

ശ്രീ. ടി. വി. കുഞ്ഞുണ്ണി : സർ, പ്രതിരോധ വകുപ്പിലെ ബ്രഹ്മോസ് എന്ന കമ്പനി സംസ്ഥാനത്ത് കെൽടെക് ഏറ്റെടുക്കുകയുണ്ടായല്ലോ. അതുകൊണ്ട് സംസ്ഥാനത്തിനുള്ള നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; ബ്രഹ്മോസിന്റെ വിപുലീകരണത്തിനായി സംസ്ഥാന സർക്കാർ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്ത് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എം. വിജയകുമാർ : സർ, സംസ്ഥാന സർക്കാരിന്റെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള കെൽടെക്ക് ഇന്ത്യാ ലിമിറ്റഡും റഷ്യൻ ഗവൺമെന്റും ചേർന്നുള്ള സംയുക്ത സംരംഭമായ ബ്രഹ്മോസ് ഏറോസ്പേസിന് 2007-ഡിസംബർ 31-ന് കൈമാറി. പ്രതിരോധ മേഖലയിലുള്ള ഇന്ത്യയിലെ ആദ്യത്തെ ഉൽപ്പാദന യൂണിറ്റ് കൂടിയാണ് ബ്രഹ്മോസ്. ഇത് കൈമാറിയതു വഴി ഡി.ആർ.ഡി. ഒ-യുടെ അൻപത് കോടി രൂപയുടേയും ഐ. എസ്. ആർ. ഒ. യുടെ പതിനഞ്ച് കോടിയുടേയും നിക്ഷേപം നടത്തിയിട്ടുണ്ട്. ഇതു വഴി കമ്പനിയുടെ ടേൺ ഓവർ തന്നെ 60 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. ഈ വർഷാവസാനത്തോടെ ബ്രഹ്മോസ് ഏറോസ്പേസ് എ. എസ്. 9100 അംഗീകൃത സ്ഥാപനമാകുമെന്നാണ് പ്രതീക്ഷ. ഇതിന്റെ വിപുലീകരണത്തിന് കൂടുതൽ സ്ഥലം അവിടെ ആവശ്യപ്പെട്ടിട്ടുണ്ട്. ആ സ്ഥലം ലഭ്യമാക്കുന്നതിന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുമായി ചർച്ചകൾ നടത്തി ഒരു ധാരണയിൽ എത്തിയിട്ടുണ്ട്. സ്ഥലം ഉടൻ ലഭ്യമാക്കുന്നതാണ്.

ശ്രീ. എം. മുരളി : സർ, അങ്ങ് മറുപടി പറഞ്ഞപ്പോൾ കൊല്ലത്ത് മീറ്റർ കമ്പനിയിൽ നിന്നും കെ. എസ്. ഇ. ബി. മീറ്ററുകൾ വാങ്ങുന്ന കാര്യം പറഞ്ഞു. മീറ്റർ കമ്പനിയിൽനിന്നും കെ.എസ്. ഇ.ബി. മീറ്ററുകൾ വാങ്ങുന്നത് യഥാർത്ഥ വിലയേക്കാൾ വളരെ കൂടിയ വിലയ്ക്കാണെന്നുള്ള ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അങ്ങനെ അന്യായമായ വിലയ്ക്കാണ് വാങ്ങുന്നതെങ്കിൽ ഈ കരാർ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, ആക്ഷേപമുണ്ടെങ്കിൽ അത് തീർച്ചയായും പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി : സർ, പ്രവർത്തനം നിലച്ചു കിടക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ഉൽപ്പാദന സൗകര്യങ്ങൾ കേരളത്തിലെ വ്യവസായിക വികസനത്തിന് ഉപയോഗിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; പ്രവർത്തനം നിലച്ചു കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മറ്റ് വ്യവസായത്തിന് വേണ്ടി പ്രയോജനപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, ഇത് പൊതുവിലുള്ള ഒരു ചോദ്യമാണ്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചൗധരി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിൽപ്പനയ്ക്ക് വച്ചതും എഴുതിത്തള്ളിയതും സ്വകാര്യവത്കരണത്തിനുവേണ്ടി മാറ്റിവച്ചതുമായ സ്ഥാപനങ്ങളെല്ലാം ഏറ്റെടുത്ത് സർക്കാർ മേഖലയിലും സംയുക്തമേഖലയിലും കേന്ദ്ര പൊതുമേഖലയിലുമായി ബന്ധപ്പെടുത്തിക്കൊണ്ട് വലിയ മാറ്റമാണ് ഇപ്പോൾ ഉണ്ടാക്കിയിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 70 കോടി രൂപയുടെ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലകൾ ഇപ്പോൾ 244.91 കോടി രൂപയുടെ ലാഭത്തിലാക്കി അതിന്റെ പ്രവർത്തനങ്ങൾ ഓരോന്നോരോന്നായി നടത്തുകയാണ്.

ശ്രീ. എൻ. രാജൻ : സർ, അങ്കമാലിയിലെ ടെൽക്ക് എൻ. ടി. പി. സി.-യുമായി ചേർന്നുകൊണ്ട് നേരത്തെ ഇവിടെ 188 കോടി രൂപയുടെ പ്രൊപ്പോസൽ വന്നു. അതിന്റെ നടപടികൾ ആരംഭിച്ചു കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ട്രാൻസ്ഫോർമർ രംഗത്ത് 400 കെ. വി പവർ ട്രാൻസ്ഫോർമറാണ് അവിടെ ഉദ്പാദിപ്പിക്കുന്നത്. അത് അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി വിദേശ കമ്പനികളുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ ?

ശ്രീ. എം. വിജയകുമാർ : സർ, ടെൽക്ക്-എൻ.ടി.പി.സി. സംയുക്ത സംരംഭത്തിന്റെ അടിസ്ഥാനത്തിൽ വൻ വികസനത്തിനും ആധുനികവൽക്കരണത്തിനുമാണ് ഇപ്പോൾ തയ്യാറെടുത്തുകൊണ്ടിരിക്കുന്നത്. സമീപ ഭാവിയിൽ 188 കോടി രൂപയുടെ വികസന പദ്ധതിയാണ് ലക്ഷ്യമിടുന്നത്.

ശ്രീ. പി. സി. ജോർജ് : സർ, നമ്മുടെ കേന്ദ്ര സ്ഥാപനമായ എച്ച്. എം. ടി, പന്ത്രണ്ട് സ്ഥാപനങ്ങളുണ്ടാക്കുമെന്നാണ് അന്ന് തീരുമാനിച്ചത്. കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകൾ തമ്മിലുള്ള എഗ്രിമെന്റ് അതാണ്. പക്ഷേ ഉണ്ടാക്കിയത് മൂന്ന് സ്ഥാപനങ്ങളാണ്. ബാക്കി സ്ഥലങ്ങൾ മുഴുവൻ വിൽക്കാനാണ് തീരുമാനിച്ചത്. അതിൽ 70 ഏക്കർ ബ്ലൂസ്റ്റാർ റിയൽ എസ്റ്റേറ്റ് എന്ന ബോംബെയിലെ റിയൽ എസ്റ്റേറ്റ് കമ്പനിക്ക് വിറ്റു. നമ്മുടെ സർക്കാർ ജനങ്ങളിൽ നിന്ന് അക്വയർ ചെയ്ത് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുത്ത സ്ഥലമാണ് റിയൽ എസ്റ്റേറ്റ് കമ്പനിക്ക് വിറ്റത്. അതിനെതിരായി ഹൈക്കോടതിയിൽ കേസ്സ് വന്നപ്പോൾ ഗവൺമെന്റ് കൊടുത്ത സത്യവാങ്മൂലത്തിൽ പറഞ്ഞിരിക്കുന്നത് വിൽപ്പന ശരിയാണെന്നാണ്. ആ നടപടി പിൻവലിച്ച് ഇനിയെങ്കിലും നമ്മൾ അക്വയർ ചെയ്യുന്ന ഭൂമി വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിക്കുമെന്നും യാതൊരു കാരണവശാലും ഇതുപോലുള്ള കമ്പനികൾക്ക് വിൽക്കുകയില്ലെന്നും തീരുമാനമെടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എം. വിജയകുമാർ : സർ, ഈ ചോദ്യം ഇവിടെ പ്രസക്തമല്ല. പക്ഷേ സർക്കാരിന്റെ പ്രഖ്യാപിതമായ നയം പൊതുമേഖലയെ നശിപ്പിക്കലല്ല, പൊതുമേഖലയെ സ്വകാര്യവത്ക്കരിക്കലല്ല, പൊതുമേഖലയെ സംരക്ഷിക്കലാണെന്ന് ഞാൻ പറഞ്ഞു. ആ രൂപത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്നു കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ ചോദ്യം ഇവിടെ പ്രസക്തമല്ല.



LIBRARY ARCHIVES Kerala Legislative Assembly